**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്**
**ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**
**(ഹാജർ: ശ്രീ. ജോമോൻ കെ ജോർജ്ജ്, ബി ടെക്)**

**ഉത്തരവ് നമ്പർ.എച്ച്.ഇ.സി.ഇ/53/2021/ബി1 തീയതി : 07-06-2022**

വിഷയം:- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - ജീവനക്കാര്യം – ടൈപ്പിസ്റ്റുമാർക്ക് സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായിരുന്ന ശ്രീ.ഗോപാലകൃഷ്ണൻ.സി.വി 31/05/2022-ന് പ്രായപൂർത്തി പെൻഷനിൽ വിരമിച്ചതിനാൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന സ്ഥാനക്കയറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ യു.ഡി.ടൈപ്പിസ്റ്റുമാരുടെ ഗ്രഡേഷൻ ലിസ്റ്റിൽ ഏറ്റവും സീനിയറും മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ യു.ഡി.ടൈപ്പിസ്റ്റുമായ ശ്രീമതി.എൻ.കെ.രൂപയെ 37,400-79,000/- രൂപ ശമ്പളസ്കെയിലിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകി അതേ കാര്യാലയത്തിൽ തുടരാൻ അനുവദിക്കുന്നു.

മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ശ്രീമതി.എൻ.കെ.രൂപയ്ക്ക് സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകിയതിനാൽ യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. എൽ.ഡി.ടൈപ്പിസ്റ്റുമാരുടെ ഗ്രഡേഷൻ ലിസ്റ്റ് പ്രകാരം ഏറ്റവും സീനിയറും ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ എൽ.ഡി.ടൈപ്പിസ്റ്റുമായ ശ്രീമതി.ജി.അർച്ചനയെ 35,600-75,400/- രൂപ ശമ്പളസ്കെയിലിൽ യു.ഡി.ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകി അതേ കാര്യാലയത്തിൽ തുടരാൻ അനുവദിക്കുന്നു.

(ഒപ്പ്)
ചീഫ് എഞ്ചിനീയർ

മേൽ പറഞ്ഞ ഉദ്യോഗസ്ഥർക്ക്
(ഓഫീസ് മേധാവി മുഖേന)

പകർപ്പ് : 1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ദക്ഷിണ മേഖല/മദ്ധ്യ മേഖല
2. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/സീനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക്/ബി4
3. വെബ്സൈറ്റിലേക്ക്/സ്റ്റോക്ക് ഫയലിലേക്ക്

ഉത്തരവിൻപ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T3/SAJ